# മെത്രാപ്പോലീത്തായുടെ കത്ത്

(മേയ് 2016)



**കർത്താവിൽ പ്രിയരേ,**

ഒരു പുതിയ സാമ്പത്തിക വർഷത്തിന്റെ ഒന്നാം മാസം നാം പിന്നിടുന്നു. സുഖദുഃഖ സമ്മിശ്രമായ നാളുകളാണ് നാം പിന്നിട്ടത്. മനുഷ്യമനഃസാക്ഷിയിൽ ഭീകരാന്തരീക്ഷത്തിന്റെ തുടർചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് കൊല്ലത്തിനടുത്ത് പരവൂർ ഗ്രാമത്തിലെ ക്ഷേത്ര പരിസരത്തു സംഭവിച്ച വെടിക്കെട്ടപകടം 2016 ഏപ്രിൽ 16-ാം തീയതിയെ ചരിത്രത്താളുകളിൽ കണ്ണീരും ചോരയും കലർത്തി എഴുതിയ ഒരു ദുരന്തദിനമാക്കിമാറ്റി. ജില്ലാ കലക്ടറുടെ നിരോധന ഉത്തരവു ഉണ്ടായിട്ടുപോലും ആ ഉത്തരവിനെ പ്രാവർത്തികമാക്കുന്നതിൽ ഭരണാധികാരികൾ പുലർത്തിയ അലസത പരവൂരിനെ ദുരന്തഭൂമിയാക്കിമാറ്റി എന്നത് മറച്ചുവെയ്ക്കാൻ ശ്രമിച്ചാലും മറക്കാൻ പറ്റാത്ത ഒരു വസ്തുതയാണ്. പരവൂർ ദുരന്തത്തിൽ അനേകം ജീവിതങ്ങൾ പൊലിഞ്ഞുപോയി. അനേകം കുടുംബങ്ങൾ കണ്ണീരിലായി. അനേകം കുഞ്ഞുങ്ങൾ അനാഥരും ആലംബഹീനരുമായി. നമ്മുടെ സഭ നവീകരണ കാലഘട്ടത്തിൽ കൊടുത്ത ശാക്തീകരണമായിരുന്നു മതപരമായ ആചാരാനുഷ്ഠാനങ്ങളോട് ചേർന്ന് കരിമരുന്നു പ്രയോഗം പാടില്ല എന്നത്. മറ്റു പല സമൂഹങ്ങളിൽ ഇത്തരം പ്രവണതകൾ അതിശക്തമായി നിലനിൽക്കുന്ന സാഹചര്യത്തിൽ, 19-ാം നൂറ്റാണ്ടിൽത്തന്നെ നമ്മുടെ നവീകരണ പിതാക്കൾ അത്രമാത്രം യുക്തിഭദ്രമായ ഒരു തീരുമാനം എടുത്തു എന്നതിന്റെ ചരിത്രപ്രാധാന്യം ഇന്ന് കൂടുതൽ പ്രസക്തമായിരിക്കുകയാണ്. നമ്മുടെ സഭയിലെയും ഇടവകകളിലെയും പരിപാടികളിൽ ഒരുവിധത്തിലുള്ള കരിമരുന്നു പ്രയോഗവും നടത്താൻ പാടില്ല എന്നതു നമ്മുടെ പിതാക്കന്മാരുടെ നല്ല തീരുമാനവും നാം എന്നും പുലർത്തേണ്ട നല്ല പാരമ്പര്യവുമത്രെ. പരവൂർ ദുരന്തവാർത്ത അറിഞ്ഞപ്പോൾത്തന്നെ സംഭവസ്ഥലവും പരുക്കേറ്റ് ആശുപത്രികളിൽ ആയിരിക്കുന്നവരെയും സന്ദർശിക്കാൻ തീരുമാനിക്കുകയും അന്നു ഉച്ചകഴിഞ്ഞ് സംഭവസ്ഥലത്തെത്തി കാര്യങ്ങൾ മനസ്സിലാക്കുകയും പരുക്കേറ്റവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും ചെയ്ത നമ്മുടെ ആദരണീയനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ ശരീരഭാഷയും സംസാരഭാഷയും ഇടപെടലുകളും വേദനിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. അദ്ദേഹത്തിന്റെ സന്ദർശനവും ഇടപെടലുകളും മാതൃകാപരമായിരുന്നു. പരവൂർ ദുരന്തത്തിൽ ഇരയായവരെ സഹായിക്കുന്നതിനായുള്ള ധനസമാഹരണത്തിനായി എല്ലാ പള്ളികൾക്കും കൽപന അയച്ചിട്ടുണ്ട്. ഏപ്രിൽ 24-ാം തീയതി അപ്രകാരമൊരു ധനസമാഹരണം നടത്തുവാൻ കഴിഞ്ഞില്ല എങ്കിൽ മറ്റൊരു ഞായറാഴ്ച ഇടവകയുടെ വരുമാനത്തെ ബാധിക്കാത്തവിധത്തിൽ സ്തോത്രക്കാഴ്ചയ്ക്കു ശേഷം ഒരു തുക സമാഹരിച്ച് സഭാ സെക്രട്ടറിയുടെ പേരിൽ സഭാ ഓഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. പരവൂർ ദുരന്തത്തിനിരയായവരെ സഹായിക്കുന്നതിനായി മാർത്തോമ്മാ സഭയുടെ സംഭാവനയുടെ ആദ്യഗഡുവായി പത്തുലക്ഷം രൂപാ മുഖ്യമന്ത്രിയെ നാം നേരിൽ കണ്ട് ഏൽപിക്കുകയുണ്ടായി. അതോടൊപ്പം തന്നെ സംഭവസ്ഥലം സന്ദർശിച്ച് വേദനിക്കുന്നവരോടുള്ള സഭയുടെ ഐക്യദാർഢ്യം അറിയിക്കുകയുമുണ്ടായി. ദുരന്തം ബാധിച്ച ഭവനങ്ങളിലെ കുട്ടികൾക്ക് അടുത്ത സ്കൂൾ വർഷാരംഭത്തിൽ ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് മെയ് 16-ാം തീയതി നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. വ്യക്തിഹത്യയും സ്വഭാവഹത്യയും നടത്തി പ്രചരണരംഗം കൊഴുപ്പിക്കാനുള്ള പലരുടെയും ശ്രമങ്ങൾ ഹിറ്റ്ലറുടെ കാലത്തെ ഗീബൽസിയൻ തന്ത്രങ്ങളുടെ പുനരാവിഷ്കരണമാണ്. ഒരു കള്ളം പത്തു പ്രാവശ്യം ആവർത്തിച്ചാൽ പതിനൊന്നാമത്തെ പ്രാവശ്യം കേൾവിക്കാരുടെ മനസ്സിൽ ഒരു നേരിയ സംശയമെങ്കിലും മുളപൊട്ടും എന്ന തന്ത്രമാണ് ഹിറ്റ്ലറുടെ കൂടെനിന്ന് തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് ഗീബൽസ് നടപ്പിലാക്കിയത്. ഇത്തരം തന്ത്രങ്ങൾ ഏദൻതോട്ടത്തിലാണ് സാത്താൻ ആദ്യം പ്രയോഗിച്ചത്. പിശാച് പാമ്പിന്റെ രൂപത്തിൽ വന്ന് ഹവ്വായോടു ചോദിക്കുന്നത് ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന മരത്തിന്റെ ഫലം തിന്നരുതെന്നു ദൈവം വാസ്തവമായി പറഞ്ഞിട്ടുണ്ടോ? എന്നാണ്. അങ്ങനെ ഹവ്വായിൽ സംശയത്തിന്റെ വിത്ത് വിതയ്ക്കുവാനാണ് ആദ്യം ശ്രമിക്കുന്നത്. അപ്പോൾ ഹവ്വാ പറയുന്നത് ഫലം തിന്നരുതെന്നല്ല, തിന്നാൽ അതിന്റെ ഫലം കൂടി അനുഭവിക്കേണ്ടിവരുമെന്നാണ് ദൈവം പറഞ്ഞത് എന്നാണ്. ആ പഴം ഭക്ഷിച്ചാൽ ദൈവത്തെപ്പോലെയാകുമെന്നതാണ് പരിണിത ഫലമെന്ന് പുതിയൊരു വ്യാഖ്യാനം സാത്താൻ അവതരിപ്പിക്കുന്നു. അവസാനം പാമ്പ് പഴം പറിച്ചുകൊടുത്തത് ഹവ്വാ ഭക്ഷിക്കുകയും ആദാമിനു കൊടുക്കുകയും രണ്ടുപേരും ദൈവതേജസിന്റെ കവചം നഷ്ടപ്പെട്ടവരായി, അരയാട ഉണ്ടാക്കി നഗ്നത മറയ്ക്കുവാൻ ശ്രമിക്കുന്നവരായി ഒടുവിൽ ഏദൻതോട്ടത്തിൽ നിന്നും പടിയിറക്കപ്പെട്ടവരായിത്തീരുകയും ചെയ്യുന്നു. നേരിയ ഒരു സംശയത്തിന്റെ വിത്തെറിഞ്ഞ് പാപത്തിന്റെ നൂറുമേനി കൊയ്യുവാനാണ് സാത്താൻ എക്കാലത്തും ശ്രമിക്കുന്നത്. ഈ തന്ത്രങ്ങൾ തന്നെയാണ് ഇന്ന് പൊതുരംഗത്തും പലരും പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. അപരനെ അപഹസിച്ചു തേജോവധം ചെയ്ത് സ്വന്തം കാര്യങ്ങൾ സാധിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ ഉപേക്ഷിക്കാതെ നമ്മുടെ നാട് നന്നാവുകയില്ല. പ്രലോഭനങ്ങൾക്കോ ഭീഷണികൾക്കോ സമ്മർദ്ദങ്ങൾക്കോ വശംവദരാകാതെ ജനനന്മയും നാടിന്റെ നന്മയും പരിഗണിച്ച് വോട്ടവകാശം നിർവ്വഹിക്കുവാൻ എല്ലാവരും തയ്യാറാകണം. മുദ്രയിലല്ല, ശ്രേഷ്ഠരായ സ്ഥാനാർത്ഥികൾക്ക് മനഃസാക്ഷിക്കനുസരിച്ച് വോട്ടു ചെയ്യുവാൻ തക്കവണ്ണം ദൈവം എല്ലാവർക്കും വിവേകം നൽകട്ടെ എന്നു ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

നമ്മുടെ തിരുമേനിമാർ ഏപ്രിൽ 1 ന് പുതിയ ഭദ്രാസനങ്ങളുടെ അദ്ധ്യക്ഷന്മാരായി ചുമതലകളിൽ പ്രവേശിച്ചു. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് സഭാ ഭരണഘടന 63-ാം വകുപ്പുപ്രകാരം ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ അദ്ധ്യക്ഷസ്ഥാനം നാം നിർവ്വഹിച്ചുവരികയായിരുന്നുവല്ലോ. ഏപ്രിൽ 1-ാം തീയതി തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവേശിച്ചു. സഖറിയാസ് തിരുമേനി തുടങ്ങിവെച്ച

പ്രോജക്ടുകൾ അഭംഗുരം മുന്നോട്ടുപോകുന്നതിൽ ദൈവം തിരുമേനിയെ ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏപ്രിൽ 1-ാം തീയതി ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി ചുമതലയിൽ പ്രവേശിക്കേണ്ടിയിരുന്ന കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ചുമതലകൾ സഭാ ഭരണഘടനപ്രകാരം ഏപ്രിൽ 1-ാം തീയതി മുതൽ നാം നിർവ്വഹിക്കുന്നതാണ്. ഇപ്പോഴുള്ള ചുമതലകൾക്കൊപ്പം കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ അധിക ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടിവന്നിരിക്കുന്ന സാഹചര്യത്തിൽ ശക്തീകരിക്കുന്ന ദൈവകൃപയുടെ വ്യാപാരം കൂടുതലായി ഉണ്ടാകേണ്ടതിനായി സഭാമക്കളുടെ പ്രാർത്ഥന എപ്പോഴും ഉണ്ടാകണമേയെന്നു അറിയിക്കുന്നു.

കാലം ചെയ്ത അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുസ്മരണം സഭാ കൗൺസിൽ ക്രമീകരിച്ച പ്രകാരം കൊട്ടാരക്കര ജൂബിലി മന്ദിരത്തിൽ വെച്ചു വളരെ ഹൃദ്യമായി നടന്നു. ആദരണീയനായ കേരള പി.എസ്.സി. ചെയർമാൻ ഡോ. കെ.എസ്. രാധാകൃഷ്ണൻ നിർവ്വഹിച്ച അനുസ്മരണപ്രസംഗം വികാരനിർഭരവും ചിന്തോദ്ദീപകവും ഹൃദയസ്പർശിയുമായിരുന്നു. അവിസ്മരണീയമായ ഒരു പ്രഭാഷണം നിർവ്വഹിച്ച ഡോ. കെ.എസ്. രാധാകൃഷ്ണനോടുള്ള അഭിനന്ദനം അറിയിക്കുന്നു.

Communion of Churches in India യുടെ ആഭിമുഖ്യത്തിലുള്ള ബിഷപ്സ് കോൺഫ്രൻസ് സിംലായിൽ വെച്ച് മെയ് മാസത്തിൽ നടക്കുകയാണ്. സി.എൻ.ഐ. സഭയാണ് ഇപ്രാവശ്യം ആതിഥ്യമരുളുന്നത്. മെയ് മാസത്തിൽ അനേകം വിദ്യാർത്ഥി സമ്മേളനങ്ങളും യുവജന സമ്മേളനങ്ങളും നടക്കുന്നു. ഇവയെല്ലാം ക്രിസ്തുവിൽ വളരുന്നതിനും സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും മുഖാന്തരമായിത്തീരട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. CCA യുടെ ആഭിമുഖ്യത്തിലും മാർത്തോമ്മാ സഭയുടെ ആതിഥേയത്വത്തിലും എറണാകുളം പ്രസിഡൻസി ഹോട്ടലിൽ വെച്ച് വിവിധ രാഷ്ട്രങ്ങളിൽ നിന്നും പ്രതിനിധികൾ വന്നു പങ്കെടുത്ത ഒരു സമ്മേളനം നടക്കുകയുണ്ടായി. ഈ സമ്മേളനം വളരെ ഹൃദയാവർജകമായ ഒരു അനുഭവമായിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള മുൻ പരിചയക്കാരായ സഭാ നേതാക്കന്മാരെ അവിടെവെച്ചു വീണ്ടും കാണുവാനും പാരസ്പര്യം പുതുക്കുവാനും ലഭിച്ച അവസരം ഹൃദ്യവും സുന്ദരവുമായിരുന്നു. ആതിഥേയത്വം വഹിച്ച നമ്മുടെ സഭയുടെ പേരിൽ ഏവർക്കും സ്വാഗതം ആശംസിക്കുവാനും കഴിഞ്ഞു.

കോട്ടയം-കൊച്ചി ഭദ്രാസനത്തിലെ പുത്തൻ കുരിശിലുള്ള കൊച്ചിൻ കമ്മ്യൂണിറ്റി വെൽഫെയർ സൊസൈറ്റിയുടെ പേരിലുള്ള സ്ഥലത്തു മുപ്പതു appartments ഉം ചാപ്പലും Indoor games സംവിധാനവും പൊതുഭക്ഷണ ക്രമീകരണവും കൂടിച്ചേർന്ന കെട്ടിടസമുച്ചയ നിർമ്മാണം കൊച്ചിയിലുള്ള ഇടവകകളുടെ മേൽനോട്ടത്തിൽ നടന്നുവരുന്നത് പൂർത്തീകരിച്ചുവരുന്നു. ഏതാനും അപ്പാർട്ട്മെന്റ് കൂടി, താൽപര്യമുള്ളവർക്കു ബുക്കു ചെയ്യുന്നതിനു അവസരം ലഭ്യമാണ്. 2016 ഡിസംബർ മാസത്തോടുകൂടി ഉപയോഗത്തിനായി തുറന്നുകൊടുക്കാനാണ് ക്രമീകരണം ചെയ്തു വരുന്നത്. അപ്പാർട്ട്മെന്റ്സ് ബുക്കു ചെയ്യുന്ന ഭാര്യാഭർത്താക്കന്മാരുടെ കാലശേഷം Initial deposit സ്വീകരിച്ചിട്ടുള്ളത് അവകാശികൾക്ക് ഉടമ്പടിയിലെ നിർദ്ദേശപ്രകാരം മടക്കിനൽകുന്നതാണ്. ഫ്ളാറ്റുകൾ ആവശ്യമുള്ളവരുണ്ടെങ്കിൽ ചെയർമാൻ, പ്രസിഡൻസി ഹോട്ടൽ, കൊച്ചി എന്ന മേൽവിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

'സ്നേഹകരം' പദ്ധതിയിൽ നിന്ന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിദഗ്ദ്ധ ഡോക്ടർമാരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ മാസം തന്നെ അർഹതപ്പെട്ടവർക്ക് തുക വിതരണം ചെയ്യുന്നതാണ്. ഓരോ മൂന്നുമാസം കൂടുമ്പോഴും അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. സഹായത്തിനുള്ള അപേക്ഷകൾ സഭാ സെക്രട്ടറിയുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി 99-ാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. പിറന്നാൾ ദിനമായ ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച രാവിലെ 8 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വി. കുർബ്ബാനയും തുടർന്ന് 11 മണിക്ക് ആശംസാ സമ്മേളനവും നടക്കും. പൊതുസമ്മേളനത്തിൽ ആദരണീയനായ കേരള ഗവർണർ ജസ്റ്റിസ് ശ്രീ. പി. സദാശിവം മുഖ്യാതിഥി ആയിരിക്കുന്നതാണ്. വിവിധ സഭാ നേതാക്കന്മാർ യോഗത്തിൽ ആശംസകൾ അർപ്പിക്കും. ഈ സമ്മേളനത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു. അടുത്തവർഷം തിരുമേനിയുടെ ജന്മശതാബ്ദി സമുചിതമായി ആഘോഷിക്കുവാൻ സഭാ കൗൺസിൽ ക്രമീകരണം ചെയ്തുവരികയാണ്. ഉദ്ദേശിച്ച എല്ലാ പരിപാടികളും സമുചിതമായി നിർവ്വഹിക്കപ്പെടുവാൻ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. യാത്ര ചെയ്യുന്നതിനും നല്ല വ്യക്തതയോടുകൂടി ആശയങ്ങൾ സംവേദനം ചെയ്യുന്നതിനും ദൈവം തിരുമേനിയെ അനുദിനം ശക്തിപ്പെടുത്തുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. നമ്മുടെ അഭി. ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ ഏപ്രിൽ 26-ാം തീയതി പുതിയൊരു സംവത്സരത്തിലേക്ക് പ്രവേശിക്കുകയാണ്. ദൈവകൃപയുടെ സമൃദ്ധിയിൽ ധന്യമായ ശുശ്രൂഷകൾ തുടർന്നും നിർവ്വഹിക്കുവാൻ ദൈവം തിരുമേനിയെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സി.എസ്.ഐ. സഭയിലെ ബിഷപ്പായി കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ മധ്യകേരള മഹായിടവകയ്ക്ക് അനുഗൃഹീതമായ നേതൃത്വം നൽകിയ ബിഷപ്പ് ഡോ. സാം മാത്യു തിരുമേനി കാലം ചെയ്തു. മാർത്തോമ്മാ സഭയുടെ ഒരു ഉറ്റസ്നേഹിതനായിരുന്നു തിരുമേനി. നമ്മുടെ ആരാധനകൾക്കും തിരുമേനി ധന്യമായ നേതൃത്വം നൽകി അനുഗ്രഹിച്ചിട്ടുള്ളത് നന്ദിയോടുകൂടി ഓർക്കുന്നു. മാങ്ങാനം ക്രൈസ്തവാശ്രമത്തിന്റെ അദ്ധ്യക്ഷനായിരുന്ന് തിരുമേനി നേതൃത്വം നൽകിയിട്ടുണ്ട്. എക്യുമെനിസത്തിന്റെ ശക്തനായ വക്താവായിരുന്നു തിരുമേനി. തിരുമേനിയുടെ ദേഹവിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം അറിയിക്കുന്നു.

മെയ്മാസത്തിലെ ചിന്തകൾ ആരംഭിക്കുന്നത് തൊഴിലാളിദിനവുമായി ബന്ധപ്പെട്ട ചിന്തകളിലൂടെയാണല്ലോ. ലോക തൊഴിലാളി ദിനവുമായി ബന്ധപ്പെട്ട ചിന്തകൾ തൊഴിലിനെ വെറുമൊരു ഉപജീവനമാർഗമായി കരുതാതെ ദൈവനിയോഗമായി ദൈവവിളിയായി ദർശിക്കുന്ന അനുഭവത്തിലേക്ക് നമ്മെ ഉയർത്തുന്നതാകണം. ഓരോ തൊഴിലും നാം ചെയ്യുമ്പോൾ രാഷ്ട്രനിർമ്മാണത്തിൽ നമ്മുടെ പങ്കാളിത്തം നാം നിർവ്വഹിക്കുകയാണ്. മെയ് ഒന്ന് ഞായറാഴ്ച 'ക്രിസ്തുവിന്റെ ആത്മാവിനാലുള്ള ദൗത്യം' എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. ഭൂഭവനദാന ദിനമായും നാം അന്ന് ആചരിക്കുന്നു. മാർത്തോമ്മാ സഭയാണ് ഭൂഭവനദാനം എന്ന വലിയ ദർശനം സമൂഹത്തിനു നൽകിയത്. കഴിഞ്ഞ വർഷം ബദരിനാഥ് ക്ഷേത്രത്തിനു സമീപമുള്ള ഹിമാലയസാനുക്കളിൽ മേഘവിസ്ഫോടനത്തിൽ ഭവനരഹിതരായവരിൽ പത്തു കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുവാൻ സാധിച്ചു. 1½ കോടി രൂപാ അതിനായി ചെലവു ചെയ്യുകയുണ്ടായി. ചെന്നൈ പ്രളയദുരിതത്തിൽ വീടു നഷ്ടപ്പെട്ടവർക്കും പരവൂരിലെ വെടിക്കെട്ടു ദുരന്തത്തിൽ വീടു നഷ്ടപ്പെട്ടവർക്കും വീടു നിർമ്മിച്ചു നൽകാനുള്ള ക്രമീകരണം ചെയ്തു വരികയാണ്. ഇക്കാര്യത്തിൽ ഏവരുടെയും ഉദാരമായ സംഭാവനകൾ ക്ഷണിച്ചുകൊള്ളുന്നു. കഠിനമായ വരൾച്ചയിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവർക്ക് ആശ്വാസകരമായ വിധത്തിൽ പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ കുടിവെള്ള പദ്ധതിയിലേക്ക് സംഭാവന ചെയ്യുന്നതിന് സഭാകൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

മെയ് 5-ാം തീയതി വ്യാഴാഴ്ച സ്വർഗ്ഗാരോഹണപ്പെരുന്നാളാണ്. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവു സഭയെ ഭരമേൽപ്പിച്ച ദൗത്യമാണ് സഭയ്ക്ക് എക്കാലവും നിർവ്വഹിക്കാനുള്ളത്. 'എന്റെ സാക്ഷികൾ ആകുവിൻ' എന്ന് കർത്താവു കൽപിക്കുമ്പോൾ ക്രിസ്തുവെന്ന സുവിശേഷത്തിന്റെ സാക്ഷികൾ ആകുവാനാണ് ആവശ്യപ്പെടുന്നത്. ഈ ദൗത്യം സ്വന്തം ഇച്ഛാശക്തികൊണ്ടു മാത്രം നിർവ്വഹിക്കാൻ സാധിക്കുകയില്ല. ആത്മാവിനാൽ നയിക്കപ്പെടുമ്പോൾ മാത്രമേ ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാൻ കഴിയുകയുള്ളു. മെയ് 8-ാം തീയതി ഞായറാഴ്ച സഭയുടെ ധ്യാനവിഷയവും 'ആത്മാവിനാൽ നയിക്കപ്പെടുക' എന്നതാണ്. മെയ് 15 ഞായർ പെന്തിക്കുസ്തി പെരുന്നാളാണ്. ആത്മാവിനാൽ നയിക്കപ്പെടണമെങ്കിൽ നമുക്കു പരിശുദ്ധാത്മാവിനെ ലഭിക്കണം. അതുകൊണ്ട് പെന്തിക്കുസ്തി പെരുന്നാളിൽ നാം ധ്യാനിക്കുന്നതു തന്നെ 'പരിശുദ്ധാത്മാവേ വരിക' എന്ന പ്രാർത്ഥനയാണ്. കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞത് "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും" (യോഹ. 16:13) എന്നാണ്. ജീവിതത്തിന്റെ അനിശ്ചിതാവസ്ഥകളിൽക്കൂടി നാം കടന്നുപോകുമ്പോൾ തീരുമാനമെടുക്കാൻ കഴിയാത്തവിധം ഇരുട്ടു നമ്മെ മൂടുമ്പോൾ ശരിയായ വഴി ഏതെന്നു കാണിച്ചു തരുവാൻ പരിശുദ്ധാത്മാവ് നമുക്ക് കൂട്ടിനുണ്ടാകും. പെന്തിക്കുസ്തി നാളിൽ സഭയ്ക്ക് ലഭിച്ചത് ഈ പരിശുദ്ധാത്മാവിനെയാണ്. യഥാർത്ഥ സ്നേഹത്തിൽ വളരുന്നതിന് പരിശുദ്ധാത്മാവാണ് നമ്മെ സഹായിക്കുന്നത്. മെയ് 22 ഞായർ ത്രിത്വ ഞായറാണ്. സ്നേഹത്തിന്റെ കൂട്ടായ്മ എന്നതാണ് നാം ധ്യാനിക്കുന്നത്. മറ്റുള്ളവരോടുള്ള സമീപനത്തിൽ പലരും പല നിലപാടുകൾ സ്വീകരിക്കുന്നതായി നമുക്കു കാണാം. (1) ചിലരുടെ സമീപനം സ്വാർത്ഥതയിൽ വേരൂന്നി വളരുന്ന ആർജ്ജിത സംസ്കാരത്തിന്റേതാണ്. മറ്റുള്ളവരിൽ നിന്നും തനിക്കെന്തു കിട്ടും, തട്ടിപ്പറിച്ചാണെങ്കിലും എന്തു നേടിയെടുക്കാം എന്നു ചിന്തിക്കുന്നവരാണ് ഇക്കൂട്ടർ. അവരിൽ സ്നേഹത്തിനു വളരുവാൻ കഴിയുകയില്ല. വ്യക്തി താൽപര്യങ്ങളുടെ മുള്ളുകൾക്കിടയിൽപെട്ട് സ്നേഹത്തിന്റെ വിത്തുകൾക്ക് വളരുവാൻ കഴിയാതെ മുരടിച്ചു പോകുന്ന സാഹചര്യമാണ് ഇത്തരക്കാരിലുള്ളത്. (2) 'ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ടുമുണ്ട്' എന്ന മട്ടിൽ സ്നേഹിക്കുന്നവരാണ് മറ്റൊരു കൂട്ടർ. പരസ്പരപൂരകമായ ഒരു ഉടമ്പടി പോലെയാണ് ഇത്തരക്കാരുടെ സ്നേഹം. തങ്ങൾക്ക് അനിഷ്ടകരമായ എന്തെങ്കിലും അപരന്റെ ഭാഗത്തുനിന്നുണ്ടായാൽ അതോടുകൂടി ബന്ധത്തിന്റെ പാലം അവർ തീയിട്ടു ചുട്ടുകളയും. (3) എന്നാൽ ചിലരുടെ സ്നേഹം നിഷ്കാമകർമ്മമാണ്. അവർ സ്നേഹിക്കുന്നത് ആരിൽ നിന്നും എന്തെങ്കിലും പ്രതീക്ഷിച്ചുകൊണ്ടല്ല, ത്യാഗനിർഭരമായ സ്നേഹമാണ് അവരുടേത്. ശത്രുവിനെപ്പോലും സ്നേഹിക്കുന്ന സ്നേഹമാണത്. അങ്ങനെയുള്ളവർ ശത്രുക്കളെ ഇല്ലാതാക്കുന്നത് വ്യക്തിഹത്യ നടത്തിയല്ല, ശത്രുവിനെ സ്നേഹം കൊണ്ടു കീഴടക്കി ശത്രുവിനെ മിത്രമാക്കിത്തീർത്തുകൊണ്ടാണ്. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹമാണ് ഈ സ്നേഹത്തിന്റെ ലോകോത്തര മാതൃക. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16). ഇതാണ് സ്നേഹം. ഒരു അമ്മ ശാരീരികമായി സുഖമില്ലാതിരിക്കുമ്പോഴും തന്റെ കൂടെ കിടക്കുന്ന കുഞ്ഞ് കരയുമ്പോൾ തന്റെ രോഗാവസ്ഥ മറന്നുപോലും കുഞ്ഞിന് പരിലാളനകൾ നൽകുന്നത് ഈ സ്നേഹം കൊണ്ടാണ്. അതുകൊണ്ടാണ് പത്തമ്മ ചമഞ്ഞാലും പെറ്റമ്മയാകില്ല എന്നു പറയുന്നത്. എന്നാൽ ഇന്നു മാതൃത്വത്തിനുപോലും തീരാകളങ്കം വരുത്തിവെയ്ക്കുന്ന സംഭവങ്ങളും നമ്മുടെ നാട്ടിൽ നടക്കുന്നു എന്നത് എത്രയോ വേദനാജനകമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവുള്ള ഒരു വ്യക്തിയ്ക്ക് മാത്രമേ ദൈവിക സ്നേഹം ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കാൻ കഴിയുകയുള്ളു. മെയ് 29 ഞായറാഴ്ച 'ആരാധനയിൽ ദൈവിക വെളിപ്പാട്' എന്നതാണ് ധ്യാനവിഷയം. യെശയ്യാവിന്റെ പ്രവചനത്തിൽ ഉസ്സിയാ രാജാവു മരിച്ച ആണ്ടിൽ യെശയ്യാവിനുണ്ടായ ദർശനം അതാണ് സൂചിപ്പിക്കുന്നത്: പ്രവാചകൻ സ്വന്തം അനുഭവം വിവരിക്കുന്നത് ഇങ്ങനെയാണ്. "ഉസ്സിയാ രാജാവ് മരിച്ച ആണ്ടിൽ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു" (യെശയ്യാവ്. 6:1). "അപ്പോൾ ഞാൻ എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു" (യെശയ്യാവ്. 6:5). ദൈവദർശനം ദൈവാലയത്തിൽ വെച്ച് ഉണ്ടാകുമ്പോൾ സ്വന്തം കുറവുകളെ കുറിച്ച് പ്രവാചകനു ബോധ്യം വരികയാണ്. താൻ ജീവിക്കുന്ന സമൂഹത്തിന്റെ തിന്മകളെക്കുറിച്ചും വ്യക്തത വരികയാണ്. ഈ ബോധ്യം അനുതാപത്തിലേക്കും ദൗത്യബോധത്തിലേക്കും നയിക്കുന്നു. "അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട് അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ എന്നു ഞാൻ പറഞ്ഞു" (യെശയ്യാവ്. 6:8). ദൈവവിളി തിരിച്ചറിയാൻ പ്രവാചകനു കഴിഞ്ഞത് ഇങ്ങനെയാണ്. ഇത് നമ്മുടെ അനുഭവമായിത്തീരണം. മെയ് 22 ദിവ്യസംഗീത ഞായറായി നാം ആചരിക്കുന്നു. സംഗീതത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിലും ആരാധന ഹൃദ്യമായ അനുഭവമാക്കിത്തീർക്കുന്നതിലും നമ്മുടെ ഗായകസംഘങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. DSMCയുടെ കാര്യക്ഷമമായ നേതൃത്വത്തെ ഓർത്തും നമുക്ക് സ്തോത്രം ചെയ്യാം. പാറ്റൂർ ഗായകസംഘം അവരുടെ ജൂബിലി ആഘോഷവേളയിൽ അർഹതപ്പെട്ട ഒരു കുടുംബത്തിനു ഒരു ഭവനം നിർമ്മിച്ചു നൽകുകയുണ്ടായി. പാറ്റൂരിലെ ദിവസകൂലിക്കാരനായ ഇതരമത വിശ്വാസിയായ ഒരു വ്യക്തി ദീർഘ വർഷങ്ങളായി തന്റെ ദിവസകൂലിയായി തനിക്കു ലഭിക്കുന്ന തുകയുടെ 50% കാൻസർ രോഗികളെ സഹായിക്കുന്നതിനായി നീക്കി വെച്ച് അപ്രകാരം സഹായം ചെയ്തുവരികയാണ്. തന്റെ ഇല്ലായ്മയിലും അപരന്റെ വേദന ഇല്ലാതാക്കുവാൻ ശ്രമിക്കുന്ന ആ വ്യക്തി എത്രയോ ആദരണീയനാണ്. ആ വ്യക്തിക്കാണ് പാറ്റൂർ ഇടവക ഗായക സംഘം ഒരു ഭവനം നിർമ്മിച്ച് നൽകിയത്. ദൈവം നൽകുന്നതായ കൃപകളെയോർത്ത് ദൈവത്തിനു ഗാനങ്ങളിലൂടെ സ്തോത്രം കരേറ്റുന്നതോടൊപ്പം അപരന്റെ ആവശ്യത്തിൽ അവരെ സഹായിക്കാനായിക്കൂടി ആ സന്ദർഭം പ്രയോജനപ്പെടുത്തിയത് അഭിനന്ദനാർഹമായ കാര്യമാണ്. ഇന്ന് പലയിടങ്ങളിലും ഗായകസംഘങ്ങൾ പള്ളിയിലെ ആരാധനയ്ക്ക് ഗാനങ്ങൾ ആലപിക്കുന്നതിൽ മാത്രം ശ്രദ്ധിക്കുകയും സഭയുടെ മുഖ്യധാരയിൽ നിന്നും ഇടവകയിലെ തന്നെ മറ്റു പ്രവർത്തനങ്ങളിൽ നിന്നു മാറി നിൽക്കുകയും പലരുടെയും വ്യക്തി താൽപര്യങ്ങൾ മാത്രം സംരക്ഷിക്കാനുള്ള ഒരു കൂട്ടമായി ഗായകസംഘത്തെ മാറ്റുന്നതുമായ ചില അഭിലഷണീയമല്ലാത്ത പ്രവർത്തനങ്ങൾ കണ്ടുവരുന്നുണ്ട്. ഇടവക ഗായകസംഘങ്ങൾ സഭയുടെ DSMCയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. DSMCയിൽ രജിസ്റ്റർ ചെയ്യാത്ത ഗായകസംഘങ്ങൾക്കു കേന്ദ്രസ്ഥാന സമിതിയിൽ പ്രതിനിധിയെ അയയ്ക്കാൻ അർഹതയില്ല എന്ന വസ്തുത പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ആരാധന സ്തുതിയുടെയും സ്തോത്രത്തിന്റെയും സൗഖ്യത്തിന്റെയും കരുതലിന്റെയും ദൈവിക വെളിപ്പാടുകൾ ഏറ്റുവാങ്ങുന്നതിന്റെയും നല്ല അനുഭവമായി തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പുലാത്തീൻ,
25-04-2016

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ